بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 04.07.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

04.07.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

## ഒരു മാസത്തെ ക്യാമ്പ്; അതാണ് റമളാൻ

വിശ്വാസികളേ! നിങ്ങൾക്ക് മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ ദോഷബാധയെ സൂക്ഷിക്കാൻവേണ്ടി.(2:184)

അല്ലാഹു തന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം വീണ്ടും മറ്റൊരു റമളാനിലൂടെ കഴിഞ്ഞുപോകാൻ നമുക്ക് തൗഫീഖ് നല്കിക്കൊണ്ടിരിക്കുന്നു. ഈ ഒരു മാസം അതിന്റെ എണ്ണമറ്റ അനുഗ്രഹങ്ങളുമായിട്ട് വരുന്നു. അല്ലാഹു പറയുന്നു, ഈ മാസത്തിൽ നോമ്പ് നോക്കുക എന്നത് നിങ്ങൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. എന്തിനുവേണ്ടിയാണ് നിർബന്ധമാക്കപ്പെട്ടത്? നിങ്ങൾ രാവിലെ മുതൽ വൈകുന്നേരംവരെ പട്ടിണിയിരിക്കാനാണോ? അല്ല. പ്രത്യുത നിങ്ങൾ ദൈവഭക്തി കൈക്കൊള്ളുന്നതിനുവേണ്ടിയാണ്. ഈ തഖ്വാതന്നെയാണ് എണ്ണമറ്റ അനുഗ്രഹങ്ങൾ വഹിക്കുന്നതാക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ഇതുകൊണ്ടുള്ള ഉദ്ദേശ്യം പട്ടിണിയിരിക്കുക എന്നത് മാത്രമല്ല എന്ന കാര്യം നോമ്പുകാരന്റെ മുമ്പിൽ എപ്പോഴും ഉണ്ടായിരിക്കണം. മറിച്ച് ദൈവസ്മരണയിൽ മുഴുകേണ്ടതാണ്. ആത്മപരിത്യാഗവും ഭൗതികതയോടുള്ള ബന്ധം അറ്റുപോകലും ഉണ്ടാകേണ്ടതാണ്. ആത്മപരിത്യാഗവും ഭൗതികതയോടുള്ള ബന്ധം അറ്റുപോകലുംകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിനോട് സ്നേഹം ഉണ്ടാകുകയും ഭൗതികേച്ഛകളെ പിമ്പുറം തള്ളുകയും ചെയ്യുക എന്നതാണ്. ഈ ദിനങ്ങളിൽ ഭൗതികാഗ്രഹങ്ങളോടുള്ള ബന്ധം വിച്ഛേദിച്ച് വെറും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിമാത്രം എല്ലാ കർമങ്ങളും ശ്രമങ്ങളും ഉണ്ടാകുക. ആ മഹാത്മാവ് പറഞ്ഞു, നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം മനുഷ്യൻ ശരീരത്തെ മാത്രം പരിപാലിക്കുന്ന ഒരു ഭക്ഷണം ഉപേക്ഷിച്ചിട്ട് ആത്മാവിന് തൃപ്തിയ്ക്കും സന്തോഷത്തിനും കാരണമാകുന്ന രണ്ടാമതൊരു ഭക്ഷണം സമ്പാദിക്കുക. ചടങ്ങെന്ന നിലയിലല്ലാതെ അല്ലാഹുവിനുവേണ്ടിമാത്രം നോമ്പു നോക്കുന്നവർ ദൈവസ്തുതിയിലും ദൈവസ്തോത്രത്തിലും **ലാഇലാഹ ഇല്ലല്ലാഹ്** എന്നു പറയുന്നതിലും മുഴുകിയിരിക്കേണ്ടതാണ്. ഇതുമുഖേന രണ്ടാമത്തെ ഭക്ഷണം അവർക്ക് കിട്ടുന്നതായിരിക്കും.

അതുകൊണ്ട് ഒരു മുഅ്മിന് ആദ്യത്തെക്കാളുപരി അല്ലാഹുവിനെ സ്തുതിക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. ഈ ദിനങ്ങളിൽ മുമ്പത്തെക്കാളുപരി അവനെ വാഴ്ത്തേണ്ടതാണ്. അല്ലാഹു ആരാധ്യനാണെന്ന് വെറും പ്രകടിപ്പിച്ചാൽ മാത്രംപോര. മറിച്ച് തങ്ങളുടെ ആരാധനകളുടെ നിലവാരം ഉയർത്താൻ ശ്രമിക്കുകയുംവേണം. അപ്പോഴാണ് നോമ്പിന്റെ അനുഗ്രഹം ലഭിക്കുന്നത്. അപ്പോഴാണ്, 'നിങ്ങൾ തഖ്വ കൈവരിച്ച് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുക' എന്ന് അല്ലാഹു പറഞ്ഞ ഉദ്ദേശ്യത്തെ കരസ്ഥമാക്കാൻ സാധിക്കുന്നത്. നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു: 'നോമ്പ് പരിചയാണ്. തീയിൽനിന്ന് രക്ഷിക്കുന്ന ശക്തമായ കോട്ടയാണ്.' പക്ഷേ, അത് തീയിൽനിന്ന് രക്ഷിക്കുന്ന ശക്തമായ കോട്ടയായിത്തീരുന്നത് അല്ലാഹുവിനുവേണ്ടി മനുഷ്യൻ തന്റെ എല്ലാ കർമങ്ങളും ചെയ്യുമ്പോഴാണ്. അല്ലാഹുവിന്റെ തൃപ്തിയുടെ സമ്പാദനം തങ്ങളുടെ മുമ്പിൽ വെക്കുക. ദുആകളിലും ദൈവസ്മരണയിലും രാപകൽ കഴിയാൻ ശ്രമിക്കുക. തഖ്വാ അഥവാ സൂക്ഷ്മതയോടെ നടക്കുക.

നമ്മുടെ അല്ലാഹു വളരെ സ്നേഹിക്കുന്ന അല്ലാഹുവാണ്. 'റമളാനിൽ താൻ തന്റെ ദാസരുടെ വളരെ അടുത്ത വന്നിരിക്കുന്നു, അതുകൊണ്ട് എടുക്കാവുന്നിടത്തോളം എടുത്തുകൊള്ളുക' എന്ന് പറയുന്ന അവനിൽ നാം ബലിയാകുക. നിങ്ങൾ നിങ്ങളുടെ ഇഹലോകവും പരലോകവും ഒരുക്കുന്നവരായിത്തീരുന്നതിനുവേണ്ടി, ദൈവഭക്തി കരസ്ഥമാക്കാൻ ഞാൻ പറഞ്ഞിട്ടുള്ള വഴിയിലൂടെ നടക്കാൻ ശ്രമിക്കുകയും ചെയ്യുക. ഒരു മാസത്തിനുവേണ്ടി സ്ഥാപിതമായ ഈ ക്യാമ്പിൽനിന്ന് പൂർണമായും ഫലമെടുത്തുകൊള്ളുക. ഇതിൽ അല്ലാഹുവിനുവേണ്ടിമാത്രം നിങ്ങൾ ചെയ്തിട്ടുള്ള നന്മകൾ, സാധാരണ ചെയ്തിട്ടുള്ള നന്മയെ അപേക്ഷിച്ച് അനേകമിരട്ടി പുണ്യത്തിന് അർഹരാക്കുന്നതായിരക്കും.

അതുകൊണ്ട് എഴുന്നേല്ക്കുക. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നിങ്ങളുടെ ആരാധനകളേയും അണിയിച്ചൊരുക്കുക. ഈ ഒരുക്കം എന്നെന്നും നിലനിറുത്താൻ ശ്രമിക്കുന്നതാണെന്ന പ്രതിജ്ഞയോടുകൂടി അതിനെ അണിയിച്ചൊരുക്കുക. എഴുന്നേല്ക്കുക! നിങ്ങളുടെ കർമങ്ങളേയും മനോഹരമാക്കുക. അല്ലാഹുവിന്റെ തൃപ്തി അനുസരിച്ചാക്കുക. ഇനിമുതല് നമ്മൾ അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുമെന്ന ഉദ്ദേശ്യത്തോടെ ശ്രമിക്കുക. എഴുന്നേല്ക്കുക. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് ചെയ്തിട്ടുള്ള പ്രതിജ്ഞയുടെ യഥാർഥ ഗ്രാഹ്യം ഈ മാസത്തിൽ കരസ്ഥമാക്കുന്നതിനുവേണ്ടി ശ്രമിക്കുക. ഇതാണ് നമ്മുടെ ജീവി

തത്തിന്റെ ഉദ്ദേശ്യമെന്ന ചിന്തയോടെ ശ്രമിക്കുക.

لَا تَشْتَرُوْا بِاٰيٰتِیْ ثَمَنًا قَلِيْلًا ۡ وَاِيَّایَ فَاتَّقُوْنِ (2:42) എന്ന അല്ലാഹുവിന്റെ നിർദേശം എപ്പോഴും മുന്നിൽ വെക്കുക. അതായത് എന്റെ വചനങ്ങൾക്കു പകരം തുച്ഛ വില വാങ്ങരുത്. എന്നെ മാത്രം ഭയപ്പെടുക. അതായത് അല്ലാഹു പറയുന്നു, ഞാൻ പറയുന്ന കാര്യങ്ങൾ-അത് ദീനാണ് അതിനു പകരം ദുൻയാവിനെ ആഗ്രഹിക്കാതിരിക്കുക. ദീനിന്നെതിരിൽ ദുൻയാവ് തികച്ചും നിസാരമാണെന്ന് ഓർക്കുക. ഈ ചിന്താഗതിയാണ് നമ്മളിൽ ഓരോരുത്തർക്കും ഉണ്ടാകേണ്ടത്. അപ്പോഴാണ് നമ്മൾ റമളാന്റെ യഥാർഥ ഫലമെടുക്കുന്നവരാകുന്നത്.

കഴിഞ്ഞ ദിവസം ഇവിടെത്തെ മതപരമായകാര്യങ്ങൾ പഠിപ്പിക്കുന്ന ഒരു പ്രൊഫസർ, ഖിലാഫത്തിന്റെ കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞ്, ഖുലഫാഉർറാശിദീനെ കുറിച്ചും നബി (സ) തിരുമേനിയെ കുറിച്ചും അനാവശ്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. മുസ്‌ലിം ഉലമാക്കൾക്കും സംഘടനകളുടെ നേതാക്കന്മാർക്കും ഭരണകൂടത്തിന്റെ തലപ്പത്തിരിക്കുന്നവർക്കും തങ്ങളുടെ ശക്തി കൈവരിക്കുന്നതിനും അല്ലെങ്കിൽ സുരക്ഷിതമാക്കി വെക്കുന്നതിനുമുള്ള ചിന്തയാണ്. ഈ ചിന്തയിലാണ് അവർ വീണുകിടക്കുന്നത്. അത്തരം അനാവശ്യകാര്യങ്ങൾക്ക് ആരെങ്കിലും മറുപടി പറയാൻ ഉണ്ടെങ്കിൽ, അവരുടെ വായടപ്പിക്കാൻ ആരെങ്കിലമുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. നമ്മൾ അതിന് മറുപടി പറഞ്ഞു. ഇവരാണ് ഇസ്‌ലാമിന്റെ വിരോധികൾ. അവർ നബി (സ) തിരുമേനിയോട് വെറുപ്പും വിദ്വേഷവും വെച്ചു പുലർത്തുന്നവരാണ്. അവർ ഇപ്പോൾ ഒരു പുതിയ സിനിമ ഉണ്ടാക്കിയിരിക്കുന്നു. കേട്ടത്, ഇന്ന് വാഷിംഗ്ടണിലും ബർലിൻ ജർമനിയിലും ഒരേ സമയം റിലീസാകുമെന്നാണ്. അത് നബി(സ)തിരുമേനിയെ കുറിച്ചും ഹദ്റത്ത് ആയിശ(റ)യെ കുറിച്ചുമുള്ളതാണ്. നബി(സ)തിരുമേനിയെ നഊദുബില്ലാഹ് പരിഹാസപാത്രമാക്കാമെന്ന് ഇവർ കരുതുന്നു. ഇവരുടെ ഇഹലോകവും നാശമടയാൻ പോകുകയാണ്. പരലോകവും നാശമടയാൻ പോകുകയാണ്. അവർക്ക് അവരുടെ പര്യവസാനം കാണാൻ കഴിയുന്നില്ല. പക്ഷേ, അല്ലാഹു പറയുന്നു, അവർ അവരുടെ ദുർപര്യവസാനത്തിൽ എത്തുന്നതാണ്.

ഭൗതികമായ നിലയിൽ നിയമവൃത്തത്തിനുള്ളിൽ ഇരുന്നുകൊണ്ട് പ്രതിഷേധം പ്രകടിപ്പിക്കേണ്ടതും പരിശ്രമിക്കേണ്ടതുമാണെന്ന് ഞാൻ ജർമനി ജമാഅത്തിനോട് പറഞ്ഞിരുന്നു. അമേരിക്കയിലെ അഹ്മദികളും കഴിവിന്റെ പരമാവധി ഇക്കാര്യത്തിൽ പരിശ്രമിക്കുന്നുണ്ടെന്ന് ഇന്നലെ എനിക്ക് അറിയാൻ കഴിഞ്ഞു. നബി(സ)തിരുമേനിയോടുള്ള യഥാർഥ സ്നേഹത്തിന്റേയും ആ മഹാത്മാവിന്റെ മഹിമാവിലാസത്തിന്റേയും മാഹാത്മ്യത്തിന്റേയും ഉന്നതിയുടെ പ്രകടനം എന്നു പറയുന്നത് അതിരറ്റ നിലയിൽ സ്വലാത്ത് ചൊല്ലുക എന്നതാണ്.

سُبْحَانَ اللّٰہِ وَبِحَمْدِہٖ سُبْحَانَ اللّٰہِ الْعَظِيْمِ . اَللّٰھُمَّ صَلِّ عَلٰی مُحَمَّدٍ وَعَلٰی اٰلِ مُحَمَّدٍ

ലോക അഹ്മദികളെല്ലാവരും ഇന്നത്തെ അന്തരീക്ഷത്തേയും ഈ റമളാനേയും സ്വലാത്ത്കൊണ്ട് നിറയ്ക്കുക. ആ മഹാത്മാവിന്റെ മഹിമാവിലാസത്തിന്നെതിരിലുള്ള ശത്രുക്കളുടെ ആക്രമണത്തിന് മറുപടിയാണിത്. ഇതിനെക്കാൾ ഉദാത്തമായ ഒരു മറുപടിയുമില്ല. ഇതിനോടൊപ്പം ദൈവഭക്തി ഉണ്ടാക്കേണ്ട കാര്യവുമുണ്ട്. ഇതും ഈ തഖവയും നമുക്ക് ആ മനോഹരമായ പര്യവസാനത്തെ കുറിച്ച് അല്ലാഹുവിൽനിന്ന് വാർത്ത നല്കിക്കൊണ്ടിരിക്കുന്നു. ഇതിനെക്കുറിച്ചാണ് അല്ലാഹു പറഞ്ഞത് ശുഭവര്യവസാനം മുത്തഖികൾക്കാണെന്ന്. നല്ല പര്യവസാനം മുത്തഖികൾക്കുതന്നെയാണ്.

وَمَنْ يَّتَّقِ اللّٰهَ يَجْعَلْ لَّهٗ مَخْرَجًا ۙ﴿۳﴾ وَّيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ ؕ وَمَنْ يَّتَوَكَّلْ عَلَى اللّٰهِ فَهُوَ حَسْبُهٗ ؕ (65:3,4)

‘വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അവന് അല്ലാഹു രക്ഷപ്പെടാനുള്ള മാർഗം ഒരുക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗത്തൂടെ അല്ലാഹു അവന് ഉപജീവനം നൽകുകയും ചെയ്യും. തന്റെ കാര്യങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കുന്നവരാരോ അവന് അല്ലാഹു മതിയായവനാകുന്നു.’

ഇത് സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “നമ്മൾ തഖ്‌വയിലും പരിശുദ്ധിയിലും എത്രത്തോളം അഭിവൃദ്ധിപ്പെട്ടുവെന്ന് എപ്പോഴും ഓർക്കേണ്ടതാണ്. അതിന്റെ അളവുകോൽ വിശുദ്ധ ഖുർആനാണ്. അല്ലാഹു മുത്തഖികളുടെ അടയാളങ്ങളിൽ ഒരു അടയാളം ഇങ്ങനേയും വെച്ചിട്ടുണ്ട്, അതായത് അല്ലാഹു മുത്തഖിയെ ലോകത്തുള്ള വെറുക്കപ്പെട്ട വസ്തുക്കളിൽനിന്ന് സ്വതന്ത്രരാക്കി അവന്റെ പ്രവൃത്തികളുടെ ജാമ്യക്കാരനായി തീരുന്നു. **വമയ്യത്തഖില്ലാഹ യജ്അല്ലഹൂ മഖ്റജാ- വ യർസുഖ്ഹു മിൻ ഹയ്ഥു ലാ യഹ്തസിബ്** എന്നു പറഞ്ഞതുപോലെ.

ആരാണോ അല്ലാഹുവിനെ ഭയപ്പെടുന്നത് അല്ലാഹു എല്ലാ മുസീബത്തുകളിൽനിന്നും രക്ഷപ്പെടാനുള്ള വഴി അവന് ഒരുക്കിക്കൊടുക്കുന്നു. അവൻ ചിന്തിക്കാത്ത വഴിയിലൂടെ അവനുള്ള ആഹാരത്തിന്റെ സാഹചര്യവും സൃഷ്ടിക്കുന്നു. അതായത് ഇതും മുത്തഖിയുടെ ഒരു അടയാളമാണ്. അല്ലാഹു മുത്തഖിയെ വെറുക്കപ്പെട്ട പ്രവർത്തിക്ക് ആശ്രിതനാക്കുകയില്ല. ഉദാഹരണത്തിന് ഒരുകച്ചവടക്കാരൻ കളവു പറയാതെ തന്റെ ജോലി മുന്നോട്ടുപോകുകയില്ലെന്ന് ധരിക്കുന്നു. അതുകൊണ്ട് അയാൾ കളവ് പറയുന്നതിൽനിന്ന് പിന്മാറുന്നില്ല. കളവു പറയേണ്ടത് തനിക്ക് നിർബന്ധമാണെന്ന് പ്രകടിപ്പിക്കുന്നു. പക്ഷേ, ഇതൊരിക്കലും ശരിയല്ല. അല്ലാഹു നേരിട്ട് മുത്തഖിയുടെ സംരക്ഷകനായിത്തീരുന്നു. സത്യത്തിന്നെതിരിൽ കളവു പറയാൻ നിർബന്ധിതനാക്കുന്ന സാഹചര്യങ്ങളിൽനിന്ന് അല്ലാഹു അവനെ രക്ഷിക്കുന്നു.

അതുകൊണ്ട് യഥാർഥത്തിൽ മുത്തഖിയായിട്ടുള്ളവൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുമ്പോൾ ‘അല്പം ചിലതുകൊണ്ടും’ അവന് സമാധാനം ലഭിക്കുന്നു. അനാവശ്യമായ ആഗ്രഹങ്ങൾ ഉണ്ടാകാതിരിക്കുന്നതും അല്ലാഹുവിന്റെ ഔദാര്യമാണ്. അനുഗ്രഹമാണ്. അതുകൊണ്ട് ഒരു അഹ്മദി അല്ലാഹു അനുവദിച്ചു തന്നിട്ടുള്ളത്ര ഭൗതികമായ ആനന്ദവും ആഗ്രഹങ്ങളും വെച്ചു പുലർത്തിക്കൊണ്ട് റമളാനിൽ തന്റെ തഖ്‌വയുടെ നിലവാരം ഉയർത്താൻ ശ്രമിക്കേ

ണ്ടതാണ്. മുതലും സമ്പത്തും സമ്പാദിക്കണമെങ്കിൽ തന്നെയും തഖ്‌വ മുമ്പിൽവെച്ചുകൊണ്ടായിരിക്കണം. പിന്നീട് അത്തരം സമ്പന്നനായ മുത്തഖി തന്റെ മുതൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ചെലവഴിക്കുകയും വേണം. ശത്രുക്കളുടെ ഉപദ്രവത്തിൽനിന്ന് സുരക്ഷിതരായിരിക്കാൻ ദുആയും ചെയ്യണം. മുസ്‌ലിം സമുദായത്തിനു വേണ്ടിയും കാരുണ്യം തേടുക. അല്ലാഹു കരുണ ചൊരിഞ്ഞുകൊണ്ട് അവർക്ക് ബുദ്ധി നല്കാൻ ദുആ ചെയ്യുക. എവിടെയൊക്കെയാണോ അഹ്മദികളുടെമേൽ അക്രമം ഉണ്ടായിക്കൊണ്ടിരിക്കുന്നത് ആ അക്രമങ്ങളിൽനിന്ന് രക്ഷപ്പെടാനും ദുആ ചെയ്യുക. അല്ലാഹു അഹ്മദികളെ ആ അക്രമങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. എല്ലാത്തിലുമുപരിയായി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാകാൻ ഈ റമളാനിൽ അല്ലാഹു നമുക്ക് യഥാർഥ തഖ്‌വ നല്കുമാറാകട്ടെ. അവന്റെ സഹായവും അനുഗ്രഹവുംകൊണ്ട് ദീനിന്റെ വിരോധികളേയും ഇസ്‌ലാമിന്റെ ശത്രുക്കളേയും നിരാശരും എല്ലാം നഷ്ടപ്പെട്ടവരുമായി നാം കാണുന്നവരായിത്തീരട്ടെ. അല്ലാഹു നമ്മുടെ ഉള്ളിൽ ഒരു യഥാർഥമായ വിപ്ലവം സൃഷ്ടിക്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Masjid Baithul Futhuh,London – on 04.07.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To